നം.ക്യു.ഐ.പി.1/50533/2017/...

കാര്യാലയം, തിരുവനന്തപുരം.

തീയതി : 24.07.2017

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

ജനറൽ സെക്രട്ടറി,
കെ.പി.എസ്.ടി.എ.

സർ,

വിഷയം:- മഹാത്മാഗാന്ധി സ്വദേശി ക്വിസ് മത്സരം സംഘടിപ്പിയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന:- 11/07/2017-ലെ കെ.പി.എസ്.ടി.എ. ജനറൽ സെക്രട്ടറിയുടെ കത്ത്.

സൂചന പ്രകാരം ലഭിച്ച കത്തിൽ കെ.പി.എസ്.ടി.എ.യുടെ നേതൃത്വത്തിൽ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ (ഗവൺമെന്റ്/എയിഡഡ്) എൽ.പി./ യു.പി./ ഹൈസ്കൂൾ തലങ്ങളിൽ മഹാത്മാഗാന്ധി സ്വദേശി ക്വിസ് മത്സരം സ്കൂൾ, ഉപ ജില്ലാ, ജില്ലാ, സംസ്ഥാന തലങ്ങളിൽ നടത്തുവാൻ അനുവാദം നൽകണമെന്ന് കെ.പി.എസ്.ടി.എ. ജനറൽ സെക്രട്ടറി ആവശ്യപ്പെട്ടിരിക്കുന്നു. ആയതിൻ പ്രകാരം സ്കൂളിലെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത രീതിയിൽ അധ്യയന സമയത്തിന് മുൻപോ, അതിനുശേഷമോ, അവധി ദിവസങ്ങളിലോ താൽപര്യമുള്ള കുട്ടികളെ മാത്രം ഉൾപ്പെടുത്തി പരിപാടി സംഘടിപ്പിക്കുവാൻ അനുവാദം നൽകുന്നു. ആഗസ്റ്റ് 2 മുതൽ നവമ്പർ 11 വരെയുള്ള കാലയളവിനുള്ളിൽ പ്രസ്തുത പരിപാടി പൂർത്തീകരിയ്ക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ജിമ്മി കെ. ജോസ്
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(അക്കാദമിക്)
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് - എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും

A5/6947/2017 DT 2/8/17